Draft #1 of File 41459/AD A1.2/2019/AD A1 Approved by REGISTRAR (i/c) on 25-Nov-2019 02:33 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 41459/AD A1.2/2019/AD A1 തീയതി: 25.11.2019

**<u>സർക്കുലർ</u>**

വിഷയം:- ഭരണവിഭാഗം:- മഹാത്മാഗാന്ധി സർവ്വകലാശാല ഫേസ് ബുക്ക് പേജ് ഉപയോഗം - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്:

സൂചന :- 25.10.2019 തീയതിയിലെ PRO യുടെ സമർപ്പണം.

സർവ്വകലാശാലയുമായി ബന്ധപ്പെട്ട അറിയിപ്പുകളും വിവരങ്ങളും നൽകുന്നതിന് വൈസ് ചാൻസിലറുടെ അനുവാദത്തോടെ 2018-ൽ സർവ്വകലാശാലയുടെ പേരിൽ "https://www.facebook.com/mahatmagandhiuniversitykerala"എന്ന ഒരു ഫേസ് ബുക്ക് പേജ്ആരംഭിച്ചിരുന്നു.എന്നാൽ മഹാത്മാഗാന്ധി സർവകലാശാലയുടെ എംബ്ളവും ഔദ്യോഗിക വെബ്സൈറ്റിന്റെ വിലാസവും ഉപയോഗിച്ച് അനധികൃതമായി നിരവധി ഫേസ് ബുക്ക് പേജുകൾ ആരംഭിച്ചിട്ടുള്ളതായി കാണുന്നുണ്ട്. ആയതിനാൽ ഇത്തരം പേജുകളിൽ വരുന്ന വിവരങ്ങൾ, യാഥാർഥ്യമാണെന്നുള്ള തെറ്റിദ്ധാരണയ്ക്ക് ഇടവരുത്തുന്നുണ്ട്.

സർവ്വകലാശാല 2019 ഒക്ടോബർ 22 ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ച തീരുമാനം സർവ്വകലാശാല പ്രഖ്യാപിക്കുന്നതിന് ഒരു മണിക്കൂർ മുമ്പേ ഇത്തരം പേജുകൾ വഴി പുറത്ത് വിട്ടതും, ഒന്നാം സെമസ്റ്റർ യു.ജി പരീക്ഷാഫലം മാധ്യമങ്ങൾക്ക് ഔദ്യോഗികമായി നൽകുന്നതിന് മുമ്പ് തന്നെ പ്രസ്തുത പേജുകളിലൂടെ പരസ്യപ്പെടുത്തുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം നടപടികൾ സമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിക്കുന്നതിനും സർവ്വകലാശാലയുമായി ബന്ധപ്പെട്ട തെറ്റായ വിവരങ്ങൾ പരക്കുന്നതിനും സാഹചര്യമൊരുക്കും.

ഇത്തരത്തിൽ സർവ്വകലാശാലയുടെ ഔദ്യോഗിക രേഖകളും വിവരങ്ങളും ഉൾപ്പടെയുള്ള വാർത്തകൾ അനധികൃത പേജുകളിൽ പരസ്യപ്പെടുത്തുന്നതിൽ സർവ്വകലാശാലയിലെ ജീവനക്കാർക്ക് പങ്കുണ്ടായിരിക്കാൻ പാടുള്ളതല്ല. അതിനാൽ സർവ്വകലാശാലയുടെ സൽകീർത്തിയ്ക്ക് കളങ്കം വരുത്തുന്ന രീതിയിൽ ഫേസ് ബുക്ക് പേജുകളിൽ വിവരങ്ങൾ പോസ്റ്റ് ചെയ്യുന്നതിൽ നിന്നും സർവകലാശാലാ ജീവനക്കാർ പൂർണ്ണമായും വിട്ടുനിൽക്കണമെന്ന് കർശനമായി നിർദ്ദേശിച്ചു കൊള്ളുന്നു.

ഒപ്പ്

**ഡോ .കെ. സാബുകുട്ടൻ**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷാ/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ